


# സ്വാസ്ഥ്യം

website : www.mudraraiki.com

ആഷാഢം 1936 മിഥുനം 1189
ജൂലായ് 2014

ഇന്ത്യൻ റെയ്കി അസോസിയേഷൻ ബുള്ളറ്റിൻ      വോല്യം 5  ലക്കം 7


**ആമുഖക്കുറിപ്പ്**

## റെയ്കി വിവേകികൾക്ക്

മാർക്ക് വാങ്ങി പാസ്സായവർക്ക് അറിവും കഴിവുമില്ലത്രെ!!! എൻ.എ.എസ്.എസ്.സി.ഒ(നാഷണൽ അസോസിയേഷൻസ് ഓഫ് സോഫ്റ്റ് വെയർ ആന്റ് സർവ്വീസസ് കമ്പനീസ്) കണ്ടെത്തിയിരിയ്ക്കുന്നത്, 75 ശതമാനം സാങ്കേതിക ബിരുദധാരികളും (എഞ്ചിനീയർമാർ തുടങ്ങിയവർ), 80 ശതമാനം പൊതു ബിരുദധാരികളും, സോഫ്റ്റ് വെയർ കമ്പനികൾക്ക് സ്വീകരിയ്ക്കുവാൻ കൊള്ളാത്തവരാണെന്നാണ്. അറിവിലും കഴിവിലും അവർ പുറകിലാണെന്ന് നിരീക്ഷിയ്ക്കപ്പെടുന്നു.

50 ശതമാനം അഞ്ചാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് രണ്ടാം ക്ലാസ്സിലെ പാഠപുസ്തകം പോലും വായിയ്ക്കുവാനറിയില്ല എന്ന മറ്റൊരു നിരീക്ഷണവുമുണ്ട്. 10 വയസ്സുകാരായ 40 ശതമാനത്തോളം കുട്ടികൾക്ക് ഒരു ചെറിയ സംഖ്യയിൽ നിന്ന് മറ്റൊരു ചെറിയ സംഖ്യ കുറയ്ക്കുവാൻ അറിഞ്ഞുകൂടെന്നും പ്രസ്തുത നിരീക്ഷണം നടത്തിയവർ പറയുന്നു. ദുർബ്ബല വിഭാഗക്കാരായ കുട്ടികളുടെ പഠനകാര്യത്തിൽ ശ്രദ്ധയൂന്നുന്ന "Pratham" എന്ന സർക്കാരേതര സംഘടനയുടേതാണ് ഈ കണ്ടെത്തൽ.

അതിനിടെയാണ്, സാക്ഷരതയിൽ ഒന്നാം സ്ഥാനത്തുള്ള കേരളത്തിൽ പൊതുവിദ്യാഭ്യാസത്തിന് ദിശാബോധമില്ലെന്ന് കേന്ദ്ര മാനവശേഷി വിഭവ മന്ത്രാലയത്തിന്റെ ജോയന്റ് റിവ്യൂ കമ്മീഷൻ കണ്ടെത്തിയ വാർത്ത ജൂൺ 17 ന്റെ പത്രത്തിൽ നാം വായിച്ചത്, അറിവും കഴിവും നേടുവാനല്ലാതെ, ഏതുവിധേനയും കുറേ മാർക്ക് നേടി വിജയിയ്ക്കുവാൻ വിദ്യാർത്ഥികളിലും രക്ഷാകർത്താക്കളിലും തിടുക്കം കൂടിയതിന്റെ ഫലമാണിത്. ട്യൂഷൻ സെന്ററുകളും കോച്ചിംഗ് ക്ലാസ്സുകളും എങ്ങിനെ ചുളുവിൽ മാർക്ക് "കോച്ചി" എടുക്കാം എന്ന സൂത്രം കുട്ടികളെ പഠിപ്പിയ്ക്കുന്ന സ്ഥാപനങ്ങളായി പ്രവർത്തിയ്ക്കുകയാണല്ലോ. ഏതുവിധേനയും പാസ്സായിട്ടു വേണമല്ലോ ജോലി തരപ്പെടുത്തുവാനും സ്റ്റാറ്റസിന്റെ മേൽക്കുപ്പായമണിയുവാനും വീടും വാഹനവും, വിവാഹവും ഒപ്പിച്ചെടുക്കുവാനും പ്രഷറും ഷുഗറും കൊളസ്ട്രോളും കുടവയറും ബൈപ്പാസുമായി ഒടുങ്ങുവാനും!!! അവിവേകികളുടെ ദുർവിധി!!!

വിദ്യാഭ്യാസം അറിവും ആത്മജ്ഞാനവും നേടുവാനാവണം. ഇതുരണ്ടും ചേരുമ്പോഴാണ് വിവേകം (Wisdom) ഉദിയ്ക്കുക എന്ന് നാം മറക്കുന്നു. ആവശ്യത്തെക്കാളും അർഹതയെക്കാളും അധികം നേടുന്ന പണം, പദവി എന്നിവ അവ നേടുന്നവർക്കും അവരുൾപ്പെടുന്ന സമൂഹത്തിനും ഭീഷണിയാവുന്നു എന്ന വസ്തുത മനസ്സിലാക്കാതെ പോവുകയാണ് അവിവേകികൾ.

റെയ്കി പരിശീലകരായ നാം റെയ്കി അഭ്യസന കാര്യത്തിലെങ്കിലും ഇത് മനസ്സിലാക്കണം. "റെയ്കി വിവേകം" (Raiki Wisdom) എന്നൊന്നുണ്ട്. അതുകൂടാതെ റെയ്കി വിദ്യകൾ മാത്രം വശമാക്കാമെന്ന് കരുതരുത്. അതുകൊണ്ട് മിക്കപ്പോഴും ഫലം കാണില്ല. ആത്മവിശ്വാസക്കുറവും പേടിയും സഭാകമ്പവുമുള്ള കുട്ടിയെ റെയ്കി ഉപയോഗിച്ച് സ്കൂൾ ലീഡറാക്കുവാനുള്ള രക്ഷിതാവിന്റെ ആഗ്രഹവും സ്വന്തം ബിസിനസ്സ് പ്രശ്നങ്ങൾ പരിഹരിയ്ക്കാൻ ബുദ്ധി ഉപയോഗിക്കാതെ റെയ്കിയെ മാത്രം ആശ്രയിയ്ക്കുന്ന രീതിയും വിവേകം ഉദിയ്ക്കാത്തതിന്റെ തെളിവാണ്. അവിവേകിയുടെ സഹായിയാവില്ല റെയ്കി.

## ആഗസ്റ്റ് 15 ഗുരുദക്ഷിണാ ദിനം

റെയ്കി പ്രസ്ഥാനത്തിന്റെ പരമാചാര്യനായ ഡോ. മിഖാവോ ഉസൂയിയുടെ ജന്മദിനം കൂടിയായ ആഗസ്റ്റ് 15 ഇന്ത്യൻ റെയ്കി അസോസിയേഷൻ ഏതാനും വർഷങ്ങളായി ഗുരുദക്ഷിണാ സമർപ്പണ ദിനമായി ആചരിച്ചു വരികയാണ്.

മുദ്രാറെയ്കി ഉപാസകർ, ആഗസ്റ്റ് 15 ന് സമർപ്പിയ്ക്കുന്ന ഗുരുദക്ഷിണ ഉപയോഗിച്ചാണ് അസോസിയേഷന്റെ പ്രവർത്തനത്തിന് ആവശ്യമായ സാമ്പത്തിക ചെലവുകൾ നിർവ്വഹിച്ചു പോരുന്നത്. അതായത്, ഉപാസകർ സമർപ്പിയ്ക്കുന്ന തുക അവർക്കായി തന്നെ പൂർണ്ണമായും വിനിയോഗിയ്ക്കുന്നു എന്ന് അർത്ഥം.

യാതൊരു നിർബന്ധവും അസോസിയേഷൻ ഇക്കാര്യത്തിൽ ആരുടെ മേലും ചെലുത്തുക പതിവില്ല. ആഗസ്റ്റ് 15 ന്റെ ഉസൂയി ജന്മദിനാചരണ ചടങ്ങിൽ പങ്കെടുക്കുവാനെത്തുന്നവരെല്ലാം ഗുരുദക്ഷിണ സമർപ്പിയ്ക്കണമെന്ന യാതൊരു നിർബന്ധവുമില്ല. എത്ര തുക സമർപ്പിയ്ക്കണമെന്നും അതാത് പേർക്ക് സ്വന്തം നിലയ്ക്ക് നിശ്ചയിക്കാവുന്നതാണ്.

പക്ഷെ ഒരു നിർബന്ധമുണ്ട്. അത്, തികച്ചും രഹസ്യമായി വേണം ഗുരുദക്ഷിണ സമർപ്പിയ്ക്കുവാൻ എന്നതാണ്. ഒരു തരത്തിലുള്ള പ്രകടനാത്മകതയും അതിന്റെ പേരിൽ അനുവദനീയമല്ല. സ്വന്തം പേരോ മറ്റ് തിരിച്ചറിയൽ സൂചനകളോ രേഖപ്പെടുത്താത്ത കവറിൽ സ്വയം നിശ്ചയിയ്ക്കുന്ന തുക അടക്കം ചെയ്ത് വേണം ഗുരുദക്ഷിണ സമർപ്പിയ്ക്കുവാൻ. ചടങ്ങ് ആരംഭിയ്ക്കുന്നതിന് തൊട്ടുമുൻപ് മുതൽ പരിപാടി സമാപിയ്ക്കുന്നതിനിടയ്ക്ക് എപ്പോൾ വേണമെങ്കിലും ആഗ്രഹിയ്ക്കുന്നവർക്ക് ഗുരുദക്ഷിണ സമർപ്പിയ്ക്കാം. ആരെല്ലാമാണ് സമർപ്പണം നടത്തിയതെന്ന് നിരീക്ഷിയ്ക്കപ്പെടുകയില്ല.

ഉപാസകരുടെ ആത്മസമർപ്പണത്തിന്റെ ഭാഗമാണ് ഗുരുദക്ഷിണാ സമർപ്പണം എന്ന തത്വത്തിന് ബലം പകരുന്ന തരത്തിലാണ് അസോസിയേഷൻ ഈ പരിപാടിയെ കാണുന്നത്. അഹങ്കാരത്തിന്റെ അംശംപോലും കലരാത്തതാവണം സമർപ്പണമെന്ന നിർബന്ധം അസോസിയേഷനുണ്ട്.

### സ്വാസ്ഥ്യം സമ്മാനപദ്ധതി

**ചോദ്യം :** പ്രതിരോധ ശേഷി വർദ്ധിപ്പിക്കുവാൻ ഏത് ഗ്രന്ഥിയാണ് പ്രധാനമായും ഉത്തേജിയ്ക്കപ്പെടേണ്ടത്?

ഉത്തരം ചെറുകടലാസിൽ വ്യക്തമായി എഴുതി പേരും രജിസ്റ്റർ നമ്പറും സഹിതം ആഗസ്റ്റിലെ യോഗത്തിനു വരുമ്പോൾ കൊണ്ടുവരിക.

### ജൂലായ് മാസത്തെ ക്ലാസ്സുകൾ

Ist ലെവൽ ക്ലാസ് – 13 – 07 – 2014 – ഞായർ അളകാപുരി

IInd ലെവൽ ക്ലാസ് – 20 – 07 – 2014 – ഞായർ അളകാപുരി

ആഗസ്റ്റ് മാസത്തെ 'മുദ്രാ റെയ്കി' ഉപാസക സംഗമം 15 – 08 – 2014 വെള്ളിയാഴ്ച (ഉസൂയി ജയന്തിയുടെ ഭാഗമായി) വൈകന്നേരം 3 മണിക്ക് അളകാപുരിയിൽ

**പാഥേയം - 55**

# ആത്മീയ വിപര്യയം



**എൽ. ഗിരീഷ്കുമാർ**
ചെയർമാൻ
'ശ്രീപുരം' താന്ത്രികഗവേഷണകേന്ദ്രം
ഇരിങ്ങാലക്കുട

ലോകത്തിലെ പല മതങ്ങളും മനുഷ്യന്റെ ഈ ലോകത്തിലെ ജീവിതമല്ല, മരണാനന്തരമുള്ള പരലോകത്തിലെ ജീവിതമാണ് മുഖ്യം എന്ന് വിലയിരുത്തുന്നു. ഭാരതത്തിലും ഈ ആശയം പുലർത്തുന്ന ദർശനങ്ങളുണ്ട്. പരലോക സ്വർഗ്ഗീയ ജീവിതത്തിന്നുവേണ്ടി ഇഷ്ടങ്ങൾ വർജ്ജിച്ചുകൊണ്ടും ഇന്ദ്രിയങ്ങളെ നിഗ്രഹിച്ചും ഈ ലോകത്ത് കഴിഞ്ഞുകൂടണമെന്നാണ് ഈ മതങ്ങളുടെ വിധിയെഴുത്ത്. ബാല്യകൗമാരകാലങ്ങളിൽ രക്ഷിയ്ക്കുവാൻ അച്ഛനും അമ്മയുമുണ്ടല്ലോ എന്നും അവരുടെ രക്ഷ കിട്ടാത്ത കാലത്ത് ഭിക്ഷാടനം കഴിച്ച് ജീവിയ്ക്കണമെന്നും ജ്ഞാനപ്പാനയിലെ 313 മുതൽ 316 വരെ വരികളിൽ പൂന്താനം പാടിയത് ഏറ്റുപാടുന്നവരാരും സ്വന്തം മക്കളെ ഭിക്ഷാന്നം തിന്ന് ജീവിച്ചുകൊള്ളുവാൻ ഉപദേശിയ്ക്കുകയോ, ഈ വരികളിലെ ആശയത്തെ ചോദ്യം ചെയ്യുകയോ ചെയ്തതായി അറിവില്ല. മറ്റ് പ്രബോധനങ്ങളോടും ഇതേ മനോഭാവമാണ് മനുഷ്യർ പുലർത്തിപ്പോരുന്നത്. അപ്രായോഗികവും അനുചിതവുമായ ആശയങ്ങൾ മതവിശ്വാസികളും ആത്മീയവാദികളുമെന്ന നിലയിൽ ചുമക്കുകയും അതിനു കടകവിരുദ്ധമായി ജീവിയ്ക്കുകയും ചെയ്യുന്നവരുടെ കാപട്യം ലോകത്തെ നരകതുല്യവും വഞ്ചന നിറഞ്ഞതുമാക്കുന്നു.

"പുനരപി ജനനീ ജഠരേ ശയനം" കൂടാതെ ജനിമൃതി വൃത്തത്തിൽ നിന്ന് പുറത്തു കടക്കുവാനാണല്ലോ ഉപദേശം. മരണാനന്തരം എന്താവുമെന്ന് തീർച്ചയില്ലാത്തതുപോലെ അമ്മയുടെ ഗർഭപാത്രത്തിൽ കിടന്നിരുന്ന കാലത്തെ അനുഭവത്തെക്കുറിച്ചും നമുക്ക് ഓർമ്മയോ തീർച്ചയോ ഇല്ല. ഈ ലോക ജീവിതത്തിനിടയ്ക്ക് നാം ദുഃഖം മാത്രമല്ല സുഖവും അനുഭവിയ്ക്കുന്നതായി നമുക്കറിയാം. "കാലേതുഭോഗകർത്തവ്യോ ദുഃഖസ്യച സുഖസ്യച" – 'ലളിതോപാഖ്യാന'ത്തിൽ ഭണ്ഡാസുരനോട് ശ്രുതവർമ്മാവ് എന്ന മന്ത്രി പറയുന്നതായി കാണാം. അനുഭവിയ്ക്കപ്പെടുന്ന സുഖത്തിന്റെയും ദുഃഖത്തിന്റെയും കാരണം കാലമാണ് എന്ന് സാരം. അപ്പോൾ ഒരു ചോദ്യം ഉദിയ്ക്കുന്നു. കാലം എത്തിച്ചു തരുന്ന സുഖത്തെ കയ്യൊഴിയ്ക്കലാണോ മരണാനന്തരം ഉണ്ടെന്ന് തീർച്ചയില്ലാത്ത സ്വർഗ്ഗം പ്രാപിയ്ക്കുവാനുള്ള മാർഗ്ഗം? ചുറ്റും ദുഃഖവും ദുരിതവും മാത്രമേയുള്ളു എന്ന് ഉറച്ചു വിശ്വസിച്ചുകൊണ്ട് വിഷാദാത്മകത്വത്തെ പുണർന്ന് കഴിഞ്ഞുകൂടലാണോ ആത്മീയത? അടിസ്ഥാനമോ തീർച്ചയോ ഇല്ലാത്തതിനെ പ്രത്യാശാപൂർവ്വം കാത്തിരിയ്ക്കലാണോ ആത്മീയ വഴി?

"അല്ല" എന്ന് ഉദ്ഘോഷിയ്ക്കുന്ന ദർശനങ്ങൾ ഭാരതത്തിൽ വികസ്വരമായിട്ടുണ്ട്. അദ്വൈതികളായ (ശങ്കരാദ്വൈതം മാത്രമല്ല അദ്വൈതത്തിന്റെ ഏക കൈവഴി) അഭിനവഗുപ്തപാദർ, ഉല്പലദേവൻ, സോമാനന്ദൻ, ജയരഥൻ, ക്ഷേമരാജൻ എന്നിവരും ദ്വൈതാദ്വൈതികളായ നാരായണകണ്ഠൻ, രാമകണ്ഠൻ, ആനന്ദവർദ്ധനൻ എന്നിവരുമടക്കം പല ഭാരതീയ ദാർശനികരും ഈ ലോകത്തിലെ ജീവിതം അയഥാർത്ഥമല്ല എന്ന് തിരിച്ചറിഞ്ഞവരാണ്. ഇവരെയൊന്നും നവീന ഭാരതീയ ചിന്താലോകത്തിന് പരിചയമില്ലല്ലോ എന്നാണെങ്കിൽ അതിന്റെ കുറ്റം അവരുടേതല്ല, അത് നമ്മുടെയും ലോകത്തിന്റെയും വിധിവൈപരീത്യം മാത്രം.

പൂർണ്ണത പ്രാപിയ്ക്കുവാനുള്ള വെമ്പലാണ് ഓരോ മനുഷ്യന്റെയും പ്രവർത്തന ഊർജ്ജം. "കിട്ടും വകയിൽ തൃപ്തിയെഴാതെ, കിട്ടാത്തതിനായ് കൈനീട്ടുന്ന" മനുഷ്യൻ ബോധപൂർവ്വമല്ലെങ്കിലും പൂർണ്ണതയെയാണ് കൊതിയ്ക്കുന്നത്. ആ കൊതി കെടുത്തലല്ല ആത്മീയത. പൂർണ്ണതയെ ലാക്കാക്കി നിപുണതയോടെ മനുഷ്യൻ അനവരതം സ്വന്തം പ്രവണതയനുസരിച്ച് പ്രവർത്തിയ്ക്കുക തന്നെ വേണം. ആ പ്രവർത്തി മനുഷ്യനെയും അവന്റെ ചുറ്റുപാടിനെയും സമ്പന്നമാക്കും. പൂർണ്ണതയ്ക്കുവേണ്ടി യത്നിച്ചവർ കാരണമാണ് ഒരു കാലത്ത് ഭാരതം സമ്പൽ സമൃദ്ധവും ജ്ഞാന വിജ്ഞാനങ്ങളുടെ ഭണ്ഡാരവുമായത്.

പൂർണ്ണത കൈവരിയ്ക്കുവാനുള്ള പ്രയത്നങ്ങളിൽ ഏർപ്പെട്ടവർക്കു മാത്രമേ സ്വന്തം പരിമിതി അവസാനം തിരിച്ചറിയുകയുള്ളു. അപൂർണ്ണനായ തനിയ്ക്ക് പൂർണ്ണത എന്നത് സ്വപ്രയത്നംകൊണ്ട് പ്രാപ്യമല്ല എന്ന് ബോദ്ധ്യം വരുമ്പോൾ അതിൽ നിന്നുണ്ടാകുന്ന അസ്വസ്ഥതയാണ് ആത്മീയ പ്രയാണത്തിനുള്ള ഊർജ്ജമാവുക. സ്വന്തം പരിമിതിയുടെ അതിർത്തി ഭേദിയ്ക്കുവാൻ ആവർത്തിച്ച് പരിശ്രമിക്കുന്ന ആ ഘട്ടത്തിൽ മാത്രം ആരംഭിയ്ക്കുന്നതാണ് ആത്മീയ പ്രയാണം. ഈ അസ്വസ്ഥതാ സാദ്ധ്യതയെ കുറിച്ച് നേരത്തേ ഊഹിച്ചുകൊണ്ട് ഒരാൾക്ക് ആത്മീയ പ്രയാണത്തിനുള്ള ഊർജ്ജം സംഭരിയ്ക്കുവാനാവില്ല. എത്ര കിണഞ്ഞ് പഠിച്ചാലും നൂറിൽ നൂറ് മാർക്ക് കിട്ടാൻ വിഷമമാണെന്ന് ഊഹിച്ച്, പഠനമേ വേണ്ടെന്നുവെച്ച വിദ്യാർത്ഥിയുടെ അവസ്ഥയാണ് തന്മൂലം ഉണ്ടാവുക. അതാണല്ലോ ഇന്നത്തെ ആത്മീയ യാത്രികരുടെ അവസ്ഥ! അവർക്കിടയിൽ പ്രാപ്തി കുറഞ്ഞവരെയും അലസരെയും നിരാശരെയും ആത്മാഭിമാനമില്ലാത്തവരെയും സാത്വിക ഭാവം നടിയ്ക്കുന്ന താമസികരെയും ധാരാളമായി കാണുന്നു! അച്ഛനെ കരയുവാൻ വിട്ട ശ്രീശുകനെ, അദ്ദേഹത്തിനുപോലും ആത്മവിദ്യ ഉപദേശിച്ച ജനകമഹാരാജാവിനെ വിട്ട് അനുകരണീയനായി കണ്ടത് ആത്മീയരംഗത്തെ വിപര്യയത്തിനും മനുഷ്യജീവിതം പാപബോധത്താൽ ചാരുത നഷ്ടപ്പെട്ടതിനും കാരണമായി. ഭൗതിക ജീവിതത്തിൽ വിജയവും സുഖവും സംതൃപ്തിയും നേടാവുന്നേടത്തോളം നേടിയവർക്കു മുന്നിൽ തുറക്കുന്നതാണ് യഥാർത്ഥത്തിൽ ആത്മീയ മാർഗ്ഗം. ധാർമ്മികമായ ജീവിതത്തിലൂടെ അർത്ഥകാമങ്ങൾ സാധിയ്ക്കുന്നവർക്കു മുന്നിൽ തുറക്കുന്നതാണ് മോക്ഷകവാടം.

# വല്ലഭന് പുല്ലും ആയുധം

**- സി. എം. കൃഷ്ണനുണ്ണി -**

യോഗ്യതയും ബോധവുമാണോ അതോ അറിവും സൂത്രങ്ങളുമാണോ(ടെക്നിക്കാണോ) മുഖ്യം? ഇപ്പറഞ്ഞതെല്ലാം മുഖ്യം തന്നെ. എങ്കിലും, ഇപ്പറഞ്ഞതെല്ലാം കൂടിയേ തീരൂ എങ്കിലും കൂടുതൽ മുഖ്യം യോഗ്യതയും ബോധവുമാണ്.

ഉദാഹരണത്തിന് 'കാർ ഡ്രൈവിങ്' എന്ന വിഷയത്തെ സമീപിയ്ക്കാം. കണ്ണിന്റെ കാഴ്ച ശക്തിയാണ് ഡ്രൈവിങ്ങിനുള്ള പ്രാഥമിക യോഗ്യത. ഡ്രൈവിങ് പഠനത്തിന്റെ ഭാഗമായി കാറിന്റെ പ്രധാന ഭാഗങ്ങളെക്കുറിച്ചും, അവയിൽ ഏതെല്ലാം എപ്പോഴെല്ലാം എങ്ങിനെയെല്ലാം ഉപയോഗിയ്ക്കണമെന്നും പഠിയ്ക്കും. കൂടാതെ റോഡ് നിയമങ്ങൾ, സ്ഗ്നലുകൾ എന്നിവയും മനസ്സിലാക്കും. ഡ്രൈവിങ് ലൈസൻസ് ലഭിയ്ക്കുവാൻ അതിനുള്ള ടെസ്റ്റുകളും പാസ്സാവേണ്ടതുണ്ട്. ഇത്രയും സങ്കീർണ്ണതകളിലൂടെ കടന്ന് ഡ്രൈവിങ് ലൈസൻസ് നേടി എന്നുവെച്ച് ഒരാൾക്ക് ഉടനെ തിരക്കേറിയ റോഡുകളിലൂടെ കാറോടിയ്ക്കുവാൻ സാധിയ്ക്കുമോ? റോഡിൽ അഭിമുഖീകരിയ്ക്കാവുന്ന വിവിധ പ്രശ്നങ്ങളെ നേരിട്ടുകൊണ്ട് ഉദ്ദേശിച്ച സ്ഥലത്തേയ്ക്ക് താമസം കൂടാതെ എത്തുവാൻ വെറും ഡ്രൈവിങ് ലൈസൻസുകൊണ്ടും ഡ്രൈവിങ്ങിന്റെ അവശ്യപാഠങ്ങൾ മനസ്സിലാക്കിയതുകൊണ്ടും മാത്രം സാധിയ്ക്കുമോ? ഇല്ല. അതിന് അറിവും ബോധവും തമ്മിൽ ഇടപെടുവിച്ചുകൊണ്ടുള്ള തഴക്കം വേണം.

നിരവധി തവണ തിരക്കില്ലാത്ത വഴികളിലൂടെ പരിശീലിയ്ക്കുമ്പോൾ മാത്രമേ കാർ ഡ്രൈവിങ് വഴങ്ങി വരികയുള്ളു. റോഡിലൂടെയുള്ള ഡ്രൈവിങ് അനുഭവം വിപുലമാവുന്ന മുറയ്ക്ക് ഏത് തിരക്കുപിടിച്ച റോഡുകളിലൂടെയും, ദീർഘദൂര യാത്രകളിലും പ്രയാസം കൂടാതെ കാറോടിയ്ക്കുവാനാവും. തുടക്കത്തിൽ അതിസാഹസികമെന്നും അസാദ്ധ്യമെന്നും തോന്നുന്ന ഡ്രൈവിങ് ഒരു വിനോദം പോലുമാവും.

അറിവുകൾ കലർന്ന് ബോധം ഒരു പ്രത്യേക രീതിയിൽ ചിട്ടപ്പെടലിന് വിധേയമാവുമ്പോഴാണ് ഡ്രൈവിങ് മാത്രമല്ല എന്തും വശമായി എന്ന അവസ്ഥ വരുന്നത്. ആ അവസ്ഥയിൽ അറിവുകളുടെ അതിരുകളും ഊഴങ്ങളും ബോധത്തിൽ ലയിച്ചുചേർന്നു കഴിഞ്ഞിരിയ്ക്കും. അറിവുകളാലും അനുഭവങ്ങളാലും ചിട്ടപ്പെടുത്തപ്പെടുകയും സംസ്കരിക്കുകയും ചെയ്ത ബോധമാണ് ഡ്രൈവർക്ക് എന്നല്ല ഏത് കാര്യത്തിൽ വൈദഗ്ദ്ധ്യം നേടുന്ന വ്യക്തിയ്ക്കും കൈമുതലാവുക. മെയ്വഴക്കം നേടിയ കളരി അഭ്യാസിയുടെയും, സർജന്റെയും, അഭിഭാഷകന്റെയും, ഉദ്യോഗസ്ഥന്റെയും, പാചകത്തിനു തുനിയുന്ന വീട്ടമ്മയുടെയും മറ്റും കൈമുതൽ, അറിവും അനുഭവവും കലർന്ന് ചിട്ടപ്പെട്ട ബോധം തന്നെ. ബോധപരമായ ചിട്ടപ്പെടുത്തലുകൾക്ക് വിധേയമാവാത്ത അറിവുകളാവട്ടെ അപകടസാധ്യതയും നിഷ്ഫലത്വവും സൃഷ്ടിയ്ക്കുകയും ചെയ്യും.

ഇത്രയും സുദീർഘമായ ഒരു ആമുഖം എഴുതിയത്, റെയ്കി ഉപാസനയുടെ കാര്യത്തിൽ ബോധപരമായ സംസ്കരണത്തിനുള്ള പ്രാധാന്യം സൂചിപ്പിയ്ക്കുവാൻ വേണ്ടിയാണ്. ഓരോ ശരീര സ്ഥാനത്തും എത്രനേരം റെയ്കി നൽകണം? ഓരോ ചിഹ്നവും (2nd ലെവൽ പഠിച്ചു കഴിഞ്ഞാൽ) എത്ര പ്രാവശ്യം ഉപയോഗിയ്ക്കണം? അഥവാ എത്ര സമയമെടുക്കണം? ഇത്തരം നിരവധി ചോദ്യങ്ങൾ പലരും ഉന്നയിയ്ക്കാറുണ്ട്. ചിലരാകട്ടെ സ്വന്തം അനുഭവങ്ങൾ തവണകളുടെയും സമയത്തിന്റെയും അളവുകൾ വ്യക്തമാക്കിക്കൊണ്ട് പറയാറുമുണ്ട്. ഇതൊന്നും റെയ്കി ബോധവികാസവുമായി ബന്ധപ്പെട്ടവയല്ല.

ഒരാളുടെ കാലുകൾക്ക് ചുരുങ്ങിയത് എത്ര നീളം വേണം എന്ന് ചോദിയ്ക്കുന്നതുപോലെ നിരർത്ഥകമാണ് മേൽപറഞ്ഞ തരം ചോദ്യങ്ങളും വിശദീകരണങ്ങളും. നിലത്ത് ഊന്നാൻ മാത്രം വലുപ്പമാണ് കാലുകൾക്ക് വേണ്ടത്. പക്രുവും ലോകത്തിലെ ഏറ്റവും പൊക്കം കൂടിയ വ്യക്തിയും നിലത്ത് ഊന്നാൻ പാകത്തിലുള്ള സ്വന്തം കാലുകളുമായാണ് സഞ്ചരിയ്ക്കുന്നത്. തന്റെ പ്രയോജനത്തിന് എത്രനേരം ഏതെല്ലാം ശരീരഭാഗങ്ങളിൽ റെയ്കി നൽകണമെന്ന് സ്വബോധത്തോടെ സ്വയം മനസ്സിലാക്കേണ്ടതാണ്. ഏതു ചിഹ്നങ്ങൾ എത്ര തവണ എവിടെയെല്ലാം എങ്ങിനെ പ്രയോഗിയ്ക്കണമെന്നറിയുവാനും ഒരാൾ സ്വന്തം ബോധത്തെയാണ് ആശ്രയിക്കേണ്ടത്. സാമാന്യമായ നിയമങ്ങൾ മാത്രമാണ് ക്ലാസ്സുകളിൽ നിന്നും, ബന്ധപ്പെട്ട പുസ്തകങ്ങളിൽ നിന്നും ലഭിയ്ക്കുക. അന്യന്മാരുടെ സംസാരത്തിൽ നിന്ന് കേൾക്കുവാൻ സാധിയ്ക്കുകയാവട്ടെ, അവരുടെ സ്വന്തം അനുഭവ പാഠങ്ങളുമാണ്. പക്ഷെ നമ്മൾ ഓരോരുത്തരും മറ്റുള്ളവരിൽ നിന്ന് തികച്ചും വിഭിന്നരാണ്. സമാനതകളല്ല, വിഭിന്നതയാണ് നമ്മെ ഓരോരുത്തരെയും 'ഞാൻ' എന്ന വാക്കിന്റെ പരിധിയിലെത്തിയ്ക്കുന്നത്. എല്ലാവരെയും പോലെ എനിയ്ക്കും കയ്യും കാലും കണ്ണും മൂക്കും ഉണ്ട് എന്നതല്ല എന്നിലെ 'എന്നെ' നിശ്ചയിയ്ക്കുന്നത്; അതുപോലെ വായനക്കാരായ നിങ്ങളിലെ 'നിങ്ങളെയും.' അതിനാൽ നമ്മൾ നമുക്ക് പ്രയോജനം ചെയ്യുന്ന രീതിയും വിധവും സ്വയം കണ്ടെത്തണം. അത് കൂടിയേ തീരൂ. 'അരി ആഹാരം' എന്നത് എന്നെ സംബന്ധിച്ചിടത്തോളം എന്റെ രുചിയ്ക്കും താല്പര്യത്തിനും ചേർന്ന ചോറോ, ഇഡ്ലിയോ, പുട്ടോ ആവാം. മറ്റൊരാളുടെ രുചിയ്ക്കോ ഇഷ്ടത്തിനോ ലഭ്യതയ്ക്കോ ചേർന്നത് നെയ്ചോറോ ബിരിയാണിയോ വെള്ളപ്പമോ പത്തിരിയോ ആണെങ്കിൽ അവയും 'അരി ആഹാരം' എന്ന ഗ്രൂപ്പിൽ പെടുമല്ലോ.

നിലവിലുള്ള സാഹചര്യത്തിൽ എന്ത് ചെയ്യണം എങ്ങിനെ ചെയ്യണം എന്നെല്ലാം നിശ്ചയിയ്ക്കേണ്ടത് സ്വന്തം ബോധത്തെ ആസ്പദിച്ചുകൊണ്ടാവണം. പരിശീലനത്തിലൂടെയും അറിവിന്റെ അടിസ്ഥാനത്തിലും പരിപാകപ്പെട്ട ബോധം മാത്രമെ ഓരോ സന്ദർഭത്തിലും നമുക്ക് തുണയാവുകയുള്ളു. റെയ്കി ഉപാസകർ സ്വന്തം ബോധത്തെ പ്രധാനമായും സംസ്കരിച്ച് പരിപാകപ്പെടുത്തേണ്ടത് പഞ്ചശീലപാലനത്തിലൂടെയും 2nd ലെവലിലെ മൂന്ന് ഉപദേശങ്ങൾ പാലിച്ചുകൊണ്ടും 3rd A ലെവലിലെ ധ്യാനങ്ങൾ പരിശീലിച്ചുകൊണ്ടും പ്രതിജ്ഞകൾ പാലിച്ചുകൊണ്ടുമാണ്. ഈ വിധത്തിൽ പരിപാകപ്പെടുത്താത്ത ബോധവുമായി റെയ്കി സൂത്രങ്ങൾ പ്രയോഗിച്ചാൽ ഉദ്ദേശിച്ച ഫലം കിട്ടുമെന്ന് ഉറപ്പ് പറയുവാനാവില്ല. പരിപാകപ്പെട്ട ബോധമുണ്ടായിക്കഴിഞ്ഞാൽ 'വല്ലഭന് പുല്ലും ആയുധം' എന്ന ചൊല്ലിനെ അന്വർത്ഥമാക്കുന്ന വിധത്തിൽ വളരെ ലാഘവത്തോടെ പ്രശ്ന പരിഹാരം കാണുവാനും കഴിയും.

ബോധവികാസവും ബോധസംസ്കരണവും തന്നെയാണ് മുഖ്യം. അതിനോട് ചേരാത്ത സൂത്രങ്ങളും ടെക്നിക്കുകളും വന്ധ്യമായേയ്ക്കും. റെയ്കി ഉപാസന എന്നത് സൂത്രങ്ങളുടെ പ്രയോഗ സമ്പ്രദായം എന്നതിലുപരി ബോധസംസ്കരണ യത്നമാണ്. ആ യത്നമാകട്ടെ നിരന്തരം ചെയ്യേണ്ടതുമാണ്. എത്ര കേമനായാലും ബോധതലത്തിലെ വ്യതിചലനം സംഭവിച്ചാൽ പ്രയോഗസിദ്ധിയിൽ കുറവുണ്ടാവും. ക്ലാവ് പിടിച്ച പാത്രത്തിന്റെ ക്ലാവ് കളയുവാൻ അത് തേച്ചുകഴുകണം. പിന്നീടോ? ക്ലാവ് പിടിയ്ക്കാതിരിയ്ക്കാൻ പതിവായി അത് തേച്ചുകഴുകിക്കൊണ്ടേയിരിയ്ക്കുകയും വേണം-ശ്രീരാമകൃഷ്ണ പരമഹംസരുടെ ഈ ഉപദേശം റെയ്കി സാധകരായ നമുക്ക് വഴികാട്ടിയാണ്.

# പ്രചോദനം അടിമകൾക്ക്

ദേബശിഷ് ചാറ്റർജി

മതിയായ പ്രചോദനമില്ലായ്മയാണ് അർജ്ജുനന്റെ യുദ്ധരംഗത്തെ തളർച്ചയുടെ കാരണമെന്ന് പ്രത്യക്ഷത്തിൽ തോന്നിയേക്കാം. അർജുനനില്ലാതെ പോയത് യുദ്ധത്തിന്റെ വലിയ ലക്ഷ്യത്തെക്കുറിച്ചുള്ള ബോധമാണ്.

സമ്മാനങ്ങളായോ നിർലോഭം സ്തുതിവാക്കുകളായോ ഇഷ്ടം പോലെ വാരിക്കോരി പ്രചോദനം അഥവാ മോട്ടിവേഷൻ ലഭിക്കുന്നവരെ നോക്കുക. ഏതാണ്ട് കുരങ്ങിന്റെ സ്വഭാവമായിരിയ്ക്കും കാണിക്കുക. പിടിച്ച കൊമ്പിൽ നിന്ന് അടുത്തതിലേക്ക് ചാടുന്നതുപോലെ അവരുടെ മനസ്സ് ഒന്നിലെ ശ്രദ്ധവിട്ട് അടുത്തതിലേക്ക് കുതിക്കും.

ലക്ഷ്യം തങ്ങളുടെ നാല് ചുമരുകളിലേക്ക് ചുരുങ്ങുമ്പോഴാണ് സമ്മാനങ്ങളും സ്തുതിപാടലുകളും ആശംസകളുമായി സഹജീവികളെ പ്രചോദിപ്പിച്ച് കാര്യം നേടേണ്ടി വരുന്നത്. യഥാർത്ഥത്തിൽ വലിയ ലക്ഷ്യത്തിന്റെ ഉടമകളാകേണ്ടവർ ചെറിയ പ്രചോദനങ്ങളുടെ അടിമകളായിപ്പോവുന്നു. ഒരു തരം അടിമത്തമാണത്.

എവിടെയാണ് പ്രചോദനങ്ങളുടെ ഉത്ഭവസ്ഥാനം? ഒന്നുകിൽ അസംതൃപ്തി അല്ലെങ്കിൽ അപര്യാപ്തത. ഇത് രണ്ടും ആത്മനിഷ്ഠമാണ്. വസ്തുനിഷ്ഠമല്ല. ആന്തരിക ലോകത്തേക്കുള്ളതാണ്. ബാഹ്യ ലോകത്തിനുള്ളതല്ല. സ്വയം നേടാൻ നമുക്ക് കഴിയാതിരിക്കുമ്പോൾ നാം തളരുന്നു. അസംതൃപ്തരാവുന്നു. അത് നമ്മുടെ മാനസികത്തകർച്ചയ്ക്ക് കാരണമാവുന്നു. അപ്പോൾ എങ്ങിനെയെങ്കിലും നേടിയെടുക്കാനായി നാം ചാടിപ്പുറപ്പെടുന്നു. സ്വാഭാവികമായും മറ്റാരെയെങ്കിലും പ്രേരിപ്പിച്ചോ പ്രലോഭിപ്പിച്ചോ സമ്മാനങ്ങളാലോ സ്തുതിവാക്കുകൾ മൂടിയോ നാമത് നേടുന്നു. താത്കാലികമായി മനസ്സിന് ശാന്തതയും സന്തോഷവും കൈവരുന്നു. അടുത്തൊരാഗ്രഹം വീണ്ടും നമ്മെ പഴയപടിയാക്കുന്നു. ആഗ്രഹങ്ങൾ അങ്ങനെയാണ് വലിയ ലക്ഷ്യത്തിലേക്കുള്ള നമ്മുടെ കാഴ്ചയെ പരിമിതപ്പെടുത്തുന്നത്.

സ്വന്തം വീക്ഷണത്തെ, വലിയ ലക്ഷ്യത്തിലേക്കുള്ള കാഴ്ചയെ സ്വകാര്യ ആഗ്രഹങ്ങൾ മറയ്ക്കുമ്പോഴാണ് നേതാക്കൾ അശാന്തരും അക്ഷമരുമാവുന്നത്. അപ്പോഴാണ് അക്ഷോഭ്യമായി നിലകൊള്ളുന്നതിൽ അവർ പരാജയപ്പെടുന്നത്. മുമ്പേ പറഞ്ഞ സദാ അക്ഷമനായ, അശാന്തനായ വാനരനിലേക്ക് മനുഷ്യൻ തിരിച്ചുനടക്കുന്നത് അപ്പോഴാണ്. നിലക്കടലയാണ് (നിസ്സാര തുക) പ്രതിഫലമെങ്കിൽ പണിക്ക് കുരങ്ങനെ കിട്ടും എന്ന ചൊല്ല് ഇംഗ്ലീഷിലുണ്ടായത് വെറുതെയല്ല. സദാ അക്ഷമനായ കുരങ്ങിന് നിലക്കടല അതിന്റെ ആ നിതാന്തമായ അശാന്തതയ്ക്കൊരു പരിഹാരം കൂടിയാണ്.

നല്ല കസേരയും മുന്തിയ കാറും എന്ന പരിമിതമായ ലക്ഷ്യമേ മോട്ടിവേഷന്റെ പരിധിയിൽ വരികയുള്ളു. കസേരയ്ക്കും കാറിനും ഒരു പൂർണ്ണ മനുഷ്യനെ നിർമ്മിക്കാനുള്ള ശേഷിയില്ല. ഭാവനാശാലിയായ മനുഷ്യനാവട്ടെ മെച്ചപ്പെട്ട കസേരകളും കാറുകളും എത്രയെങ്കിലും ഉണ്ടാക്കാനുള്ള കഴിവുമുണ്ട്. മഹത്തായ ജീവിതവും ഭാവിലോകവുമെന്ന വലിയ ലക്ഷ്യത്തിന് നാലണ പ്രചോദനങ്ങളും സ്തുതിഗീതങ്ങളും എത്ര വലിയ അശ്ലീലങ്ങളാണെന്ന് ചിന്തിച്ചുനോക്കൂ. സമ്മാനങ്ങളും സ്തുതിഗീതങ്ങളുമില്ലാതെ വലിയ ലക്ഷ്യത്തിലേക്ക് അർജുനനെ നയിച്ച കൃഷ്ണൻ വ്യത്യസ്തനാവുന്നത് അവിടെയാണ്. കാലം ചെല്ലുന്തോറും ഗീത കാലികമായി തുടരുന്നതും അതുകൊണ്ടാണ്.

**(മാതൃഭൂമി 28-05-2014)**

# അഞ്ച് വിദ്യകൾ

അഞ്ച് വിദ്യകളിലൂടെയാണ് ഒരു റെയ്കി ഉപാസകൻ രൂപം കൊള്ളുന്നത്. റെയ്കി ദീക്ഷ സ്വീകരിച്ചു എന്നതുകൊണ്ടുമാത്രം ഒരാൾ റെയ്കി ഉപാസകനായിത്തീരുന്നില്ല. നന്ദിയുടെ ഭാവം, ദാനത്തിനുള്ള സന്നദ്ധത വർത്തമാന കാല ബോധത്തിൽ ഊന്നിയ ജീവിതം, വ്യക്തമായ സങ്കല്പം, പ്രശ്നങ്ങളെ അകന്നുനിന്ന് വീക്ഷിയ്ക്കുവാനുള്ള കഴിവ് എന്നീ അഞ്ച് വിദ്യകളാണ് ഒരു നല്ല റെയ്കി ഉപാസകനെ സൃഷ്ടിയ്ക്കുന്നത്. ഇതിൽ ഏതെങ്കിലും ഒന്നിന്റെ അഭാവം റെയ്കി പ്രയോഗിയ്ക്കുവാനുള്ള കഴിവിനെ പ്രതികൂലമായി ബാധിയ്ക്കും. 1st ലെവലിലെ പഞ്ചശീലങ്ങളും2nd , 3rd ലെവലുകളിലെ ഉപദേശങ്ങളും നിഷ്ഠകളും ഈ അഞ്ച് ഘടകങ്ങളേയും റെയ്കി പിരശീലിയ്ക്കുന്നവരിൽ വളർത്തിയെടുക്കുവാൻ വേണ്ടിയുള്ളവയാണ്.

ആദ്യമായി നമുക്ക് നന്ദിയെ കുറിച്ച് ചിന്തിയ്ക്കാം. ഏതൊരു ജീവിയിലും നന്ദിയുടേതായ ഭാവമുണ്ട്. നമ്മൾ പതിവായി ഒരു നായയ്ക്ക് ഭക്ഷണം നൽകിക്കൊണ്ടിരുന്നാൽ നമ്മെ കാണുമ്പോൾതന്നെ ആ ജീവി നന്ദിസൂചകമായി വാലാട്ടുവാൻ തുടങ്ങും. തനിയ്ക്ക് വിശപ്പിന് ഭക്ഷണം നൽകുന്ന ആൾ എന്ന തിരിച്ചറിവാണ് നായയെക്കൊണ്ട് വാലാട്ടിപ്പിയ്ക്കുന്നത്. ഉപകാരം ലഭിച്ചതിന്റെ തിരിച്ചറിവാണ് നന്ദിയുടെ ഭാവവും നന്ദിപ്രകടനവുമായി തെളിയുന്നത്.

സങ്കീർണ്ണ സാഹചര്യങ്ങളിൽ ജീവിയ്ക്കുന്ന മനുഷ്യന് പൊതുവെ ഈ തിരിച്ചറിവ് പ്രായേണ കുറവായാണ് കാണുന്നത്. അനാവശ്യമായ ധൃതിയും, മോഹങ്ങളുടെയും പ്രതീക്ഷകളുടെയും തിരതള്ളലും ഈ തിരിച്ചറിവിനെ ദുർബ്ബലമാക്കുന്നു. പ്രപഞ്ചവും ചുറ്റുപാടും നൽകിവരുന്ന സാന്ത്വനവും സഹകരണവും തിരിച്ചറിയാതെ പോകുക എന്നതാണ് ഇതിന്റെ ഫലം.

കാഴ്ചശക്തി നഷ്ടപ്പെട്ടാൽ മാത്രമെ കണ്ണിന്റെ വിലയറിയൂ എന്ന നിലയാണ് നമ്മുടേത്. വാഷ്ബേസിന്റെ ടാപ്പ് കേടുവരുമ്പോഴാണ് അത് നന്നായി പ്രവർത്തിച്ചിരുന്നപ്പോഴത്തെ സൗകര്യം നാം മനസ്സിലാക്കുക. ഈ വരികൾ വായിയ്ക്കുവാൻ കഴിയുന്നതുതന്നെ പല ഘടകങ്ങളുടെയും സൗഹൃദപരമായ സാന്നിദ്ധ്യം കൊണ്ടാണ് എന്ന് നാം വ്യക്തമായി ഓർക്കുന്നുവോ? ഇതെഴുതിയ വ്യക്തിയും, എഴുതാനും അച്ചടിയ്ക്കുവാനും ഉപയോഗിച്ച കടലാസും, ഈ വരി വായിയ്ക്കുവാൻ സഹായകമായിട്ടുള്ള പ്രകാശവും സർവ്വോപരി  കാഴ്ചശക്തിയും സ്വന്തം ശാരീരികവും മാനസികവുമായ അവസ്ഥകളും വായനയെ സഹായിയ്ക്കുന്ന മുഖ്യഘടകങ്ങളാണല്ലോ.

അടുപ്പത്തിലാവുന്നവരോടും അടുപ്പം കാണിയ്ക്കുന്നവരോടും നമുക്ക് പ്രതിപത്തി കുറയുന്നതായിക്കാണാം. 'മുറ്റത്തെ മുല്ലയ്ക്ക് മണമില്ല' എന്നാണല്ലോ ചൊല്ല്. അടുപ്പമുള്ളവരോട് നാം അമിത സ്വാതന്ത്ര്യം കാണിയ്ക്കുകയും ചെയ്യും. മിക്ക കുട്ടികൾക്കും രക്ഷിതാക്കളുടെ വിലയറിയാൻ അവർ ഇല്ലാതാവണം എന്നതാണ് സ്ഥിതി.

നന്ദി പരിശീലിയ്ക്കുക എന്നത് വളരെ നിസ്സാരമാണെന്നാണ് തോന്നുക. ചെരുപ്പിനോടും പേനയോടും  മറ്റും നന്ദിയുടെ ഭാവം പുലർത്താൻ ഉപദേശിച്ചാൽ അതൊരു അനാവശ്യ കാര്യമായി തോന്നിയേക്കാം. പക്ഷെ റെയ്കിയുടെ അടിസ്ഥാന ഘടകമായ നന്ദിയുടെ ഭാവം മനസ്സിൽ സൃഷ്ടിയ്ക്കുവാനുള്ള ശ്രമത്തിന്റെ തുടക്കം ഇത്തരം ചെറിയ കാര്യങ്ങളിലൂടെയാണ്.

നന്ദിയാണ് മഹനീയമായ ഭാവം. നന്ദിയുടെ ശക്തി അപാരമാണ്. തന്റേതായ എല്ലാറ്റിനോടും എല്ലായ്പ്പോഴും നന്ദി പുലർത്തുക എന്നത് മുഖ്യമാണ്. നന്ദിയുടെ ഭാവം പുലരുന്ന മനസ്സിലേയ്ക്ക് ഈശ്വരന്റെ കൃപാപ്രവാഹമുണ്ടാവും. നന്ദിയുടെ ഭാവം ഉദ്ദീപിയ്ക്കുമ്പോൾ നാം പ്രാപഞ്ചിക ശക്തികളോട് സമരസപ്പെടുന്നു എന്നാണ് ഇതിനർത്ഥം. റെയ്കി പരിശീലിയ്ക്കാത്തവർക്കും സ്വന്തം മനസ്സിലും ബുദ്ധിയിലും നന്ദിയുടെ ഭാവം ഉദ്ദീപിപ്പിച്ചുകൊണ്ട് സങ്കല്പങ്ങൾ സാക്ഷാൽക്കരിയ്ക്കുവാനും സ്വന്തം ഹീലിങ് പവർ വർദ്ധിപ്പിയ്ക്കുവാനും കഴിയും. പ്രതിസന്ധികളിൽ പെട്ടുപോവുമ്പോഴും ആ അവസ്ഥയിലെ അനുകൂല ഘടകങ്ങളെ തിരിച്ചറിഞ്ഞ് നന്ദി പ്രകാശിപ്പിയ്ക്കുവാനായാൽ വൻഫലമാണ് തൻമൂലം ഉണ്ടവുക.

**അവലംബം : "21 പവ്വർ ടൂൾസ് ഓഫ് റെയ്കി"**

(തുടരും)

Printed & Published by Indian Raiki Association, 'Sobhanam', Mankavu, Kozhikode -7, Ph: 9895611907. For Private Circulation only